## പതിനാലാം കേരളനിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1710 07.03.2018-ൽ മറുപടിയ്ക്ക്

## കോമൺ പബ്ലിക്ക് ഹെൽത്ത് ആക്ട്

ചോദ്യം

ശ്രീ.പി.ഉബൈദുള്ള

ഉത്തരം

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ഒരു കോമൺ പബ്ലിക്ക് ഹെൽത്ത് ആക്ട് കൊണ്ടുവരേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കമോ; | എ)യും ബി)യും | സംസ്ഥാനത്ത് രണ്ട് പൊതുജനാരോഗ്യ നിയമങ്ങളാണ് നിലവിലുള്ളത്. പഴയ തിരുവിതാംകൂർ കൊച്ചി പ്രദേശങ്ങളിൽ 1955-ലെ ട്രാവൻകൂർ കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ടും മലബാർ പ്രദേശങ്ങളിൽ 1939-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടുമാണ് നിലവിലുള്ളത്. സംസ്ഥാനത്ത് രണ്ട് ഭാഗങ്ങളിൽ രണ്ട് നിയമങ്ങളാണ് നിലവിലുള്ളത് എന്നതും ഈ നിയമങ്ങൾ വളരെ കാലപ്പഴക്കം ചെന്നതാണ് എന്നതും ഈ നിയമങ്ങളിലെ പോരായ്മകളാണ്. ആരോഗ്യ മേഖലയ്ക്ക് ഭീഷണിയായ പുതിയ പകർച്ചവ്യാധികളും മാലിന്യ ഭീഷണിയും പരിഹരിക്കാൻ ഈ നിയമങ്ങൾ മൂലം കഴിയുന്നില്ല. വളരെ കാലപ്പഴക്കം ചെന്ന നിയമങ്ങൾ ആയതിനാൽ ശിക്ഷാ നടപടികളും പിഴകളും കാലാനുസൃതമല്ല. കൂടാതെ രണ്ട് നിയമങ്ങളിലെയും അധികാര ഘടനയിലും വ്യത്യാസം നിലനിൽക്കുന്നു.<br>1955-ലെ ട്രാവൻകൂർ കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ടും 1939-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടും ഏകീകരിച്ചുകൊണ്ടും പ്രസ്തുത ആക്ടിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ |
| ബി) | ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | | |

| | | | |
|---|---|---|---|
| | | | ഒഴിവാക്കിക്കൊണ്ടും സംസ്ഥാനത്ത് ഒരു ഏകീകൃത പൊതുജനാരോഗ്യ നിയമം നടപ്പിലാക്കുന്നതിനായി ഒരു ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി സർക്കാരിൽ സമർപ്പിച്ച കരട് പൊതുജനാരോഗ്യ ബിൽ സർക്കാരിലെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ